Since 1951

# Jubilee

Vol. 3, Issue No. 8 JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE AUGUST 2017

## Editor's Desk

സ്നേഹമുള്ളവരേ,

ഒരിക്കൽ കൂടി സ്വാതന്ത്ര്യദിനം വന്നണയുകയാണ്. സ്വാതന്ത്ര്യം ആത്യന്തികമായി നിവർത്തിച്ചെടുക്കപ്പെടേണ്ടത് സമാധാനത്തിലൂടെയാണ്. അപരന്റെ സമാധാനത്തിന് ഹാനികരമായേക്കാവുന്ന തരത്തിൽ ജീവിക്കപ്പെടുന്ന സ്വാതന്ത്ര്യ അഭിവാഞ്ജയും അതിന്റെ പ്രവാചകരും അറിഞ്ഞോ അറിയാതെയോ സ്വാതന്ത്ര്യത്തെ തത്വത്തിൽ തന്നെ നിഷേധിക്കുകയാണ്. അതിനാൽ വൈയക്തികവും സാമൂഹികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യം ജീവിക്കപ്പെടേണ്ടത് അപരന്റെ സ്വാതന്ത്ര്യത്തെ കൂടെ മാനിച്ചുകൊണ്ടാണ് അല്ലെങ്കിൽ ആഘോഷിച്ചുകൊണ്ടാണ്.

'Other is hell' എന്നുപോലും പ്രഖ്യാപിക്കുകയും എന്റെ സ്വാതന്ത്ര്യത്തെ ജീവിക്കാൻ മറ്റുള്ളവർ ഒരു തടസ്സമാണെന്നു പോലും ചിന്തിക്കുകയും ചെയ്യുന്ന ആനുകാലിക അക്രമസമവാക്യങ്ങളെ പൊളിച്ചെഴുതാൻ കഴിയുക എന്നത് ഒരു വെല്ലുവിളി തന്നെയാണ്. അതേസമയം, 'Other is my Messiah' എന്ന് ജീവിതം കൊണ്ട് തെളിയിച്ചിട്ടുള്ള മഹത് വ്യക്തികളെയും ഈ ലോകചരിത്രം മുന്നോട്ടുവെയ്ക്കുന്നു എന്നുള്ളത് പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ്.

മറ്റുള്ളവർ എനിക്ക് പരിധികൾ നിശ്ചയിക്കുന്ന നരകത്തിന്റെ മുള്ളുവേലിയല്ല എന്ന തിരിച്ചറിവിലേക്ക് വളരണമെങ്കിൽ, സ്വാതന്ത്ര്യത്തെ സവിശേഷമായ മാനത്തിലൂടെ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. എന്റെ ഒപ്പമുള്ള വ്യക്തിയുടെ കൂടെ സ്വാതന്ത്ര്യത്തെ ബഹുമാനിക്കാനും അവന് അല്ലെങ്കിൽ അവൾക്ക് അത് നിവർത്തിക്കാനും ഉതകുന്ന തരത്തിൽ ഞാൻ ജീവിച്ചെടുക്കേണ്ട സ്വാതന്ത്ര്യമാണ് യഥാർത്ഥ സ്വാതന്ത്ര്യം എന്നുള്ള അവബോധമാണ് അത്. അങ്ങനെയാണ് അപരൻ എന്റെ രക്ഷകൻ ആണെന്നുള്ള ക്രിയാത്മകമായതും സമാധാനം തരുന്നതുമായ സ്വാതന്ത്ര്യാനുഭവത്തിലേക്ക് നാം കടന്നുവരിക.

അപ്പോൾ പിടിച്ചെടുക്കുന്ന, നേടിയെടുക്കുന്ന സ്വാതന്ത്ര്യം എന്നതിനൊക്കെ അപ്പുറത്തേക്ക് സ്വാതന്ത്ര്യം നമ്മിലേക്ക് സന്തോഷകരമായ ആഘോഷമായി ഇറങ്ങിവരും. ആ സ്വാതന്ത്ര്യാനുഭവത്തെ ഒരു മിസ്റ്റിക്കിന്റെ അവധാനതയോടെ കൈവശമാക്കാൻ നമുക്ക് സാധിക്കും.

എല്ലാവർക്കും സ്വാതന്ത്ര്യദിനാശംസകൾ നേർന്നുകൊണ്ട്,

**ഫാ. സിജോ ചെറുവത്തൂർ**

എഡിറ്റർ



**പ്ലാസ്റ്റിക് സർജറി ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷനിലെ പ്രവണതകളും ബഹുവിധ സഹകരണത്തിന്റെ ഫലങ്ങളും എന്ന വിഷയത്തെക്കുറിച്ചു നടത്തിയ ശില്പശാലയുടെ ഉദ്ഘാടനം**



**ജൂബിലി കുടുംബത്തിലെ പൂർവവിദ്യാർത്ഥിസംഗമത്തോടനുബന്ധിച്ചു നടത്തിയ ശില്പശാല : നഴ്സിങ്ങിലെ അവഗണിക്കപ്പെടുന്ന മേഖലകൾ – ഒരു പരിചിന്തനം**

## ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ റീജിണൽ അനസ്തീസ്യ ശില്പശാല

കഴിഞ്ഞ ആറുവർഷമായി എല്ലാ വർഷവും നടത്തിവരാറുള്ള റീജിണൽ അനസ്തീസ്യ (വിഭാഗീയമായി ശരീരം മരവിപ്പിച്ച് ശസ്ത്രക്രിയ ചെയ്യുന്ന രീതി) ശില്പശാല ജൂലായ് 16-ന് നടന്നു. അൾട്രാസൗണ്ട് സ്കാനറിന്റെ സഹായത്തോടെ നാഡീവ്യൂഹത്തിന്റെ വിവിധ ഭാഗങ്ങൾ അതികൃത്യതയോടെ മരവിപ്പിക്കുന്ന നൂതനരീതികളാണ് ശില്പശാലയിൽ അവതരിപ്പിച്ചത്. ജൂബിലി മിഷനിലെ വിദഗ്ധ പ്രൊഫസർമാരായ ഡോ. മറിയം കോശി തോമസ്, ഡോ. ഡേവീസ്, ഡോ. ഉഷ ഷേണായ്, ഡോ. ബിജോയ് ചിറയത്ത് എന്നിവർക്കൊപ്പം ബോംബെയിൽ നിന്നുള്ള ഡോ. വൃഷാലി പോൺസേ, കൊച്ചിയിൽ നിന്നുള്ള ഡോ. ജിതേന്ദ്ര ടി., തിരുവന്തപുരത്തുനിന്നുള്ള ഡോ. സജീഷ് ജി. എന്നിവർ ശില്പശാലക്ക് നേതൃത്വം നൽകി. കേരളത്തിൽ നിന്നും പുറത്തുനിന്നുമായി നൂറ്റമ്പതോളം വിദഗ്ധ ഡോക്ടർമാർ ഈ ശില്പശാലയിൽ പങ്കെടുത്തു.

# ആറ് പേർക്ക് പുതുജീവൻ നൽകി 14-കാരൻ ഗ്ലാഡ്‌വിൻ യാത്രയായി

വരന്തരപ്പിള്ളി കോരേത്ത് വർഗ്ഗീസിന്റേയും ബിന്നിയുടേയും മകൻ ഗ്ലാഡ്‌വിൻ തലച്ചോറിലുണ്ടായ രക്തസ്രാവം മൂലമാണ് ജൂബിലി മിഷൻ ആശുപത്രിയിൽ എത്തിയത്. ഓപ്പറേഷൻ ചെയ്യാൻ സാധിക്കാത്ത വിധമായിരുന്നു രോഗിയുടെ അവസ്ഥ. ഇതേതുടർന്ന് രോഗിയെ വെന്റിലേറ്ററിലേക്ക് മാറ്റി. ന്യൂറോസർജൻ ഡോ. രമേഷും, ഇന്റർവെൻഷനൽ അനസ്തെറ്റിസ്റ്റ് ഡോ. ചെറിഷുമാണ് ഗ്ലാഡ്‌വിനെ ചികിത്സിച്ചത്. രോഗിയുടെ നില മോശമാവുകയും മസ്തിഷ്കമരണം സംഭവിക്കുകയുമാണ് ഉണ്ടായത്.


രോഗിയുടെ മാതാപിതാക്കളെ വിവരമറിയിച്ചപ്പോൾ ഗ്ലാഡ്‌വിന്റെ ആഗ്രഹമായ അവയവദാനം ചെയ്യാൻ അവർ തയ്യാറാവുകയായിരുന്നു. വിദഗ്ധ ഡോക്ടർമാർ ആറ് മണിക്കൂർ ഇടവിട്ട് അപ്നിയ ടെസ്റ്റ് നടത്തി ബ്രെയിൻ ഡെത്ത് സ്ഥിതീകരിച്ചു. കോട്ടയം മെഡിക്കൽ കോളേജിലെ ഡോ. ജയകുമാർ, അമൃതയിലെ ഡോ. ബിനോയ്, ഡോ. ബിജു, എറണാകുളം പി. വി. എസ്. ആശുപത്രിയിലെ ഡോ. ഷാജി പൊന്നാമ്പത്തയിൽ, ഡോ. പ്രശാന്ത്, ജൂബിലിയിലെ ഡോ. രവി, ഡോ. സെബാസ്റ്റ്യൻ വലിയവീടൻ എന്നിവരടങ്ങുന്ന വിദഗ്ധ സംഘം 5 മണിക്കൂർ കൊണ്ട് ഓരോ അവയവവും വേർതിരി ച്ചെടുത്തു. കണ്ണുകൾ, കരൾ, വൃക്കകൾ, പാൻക്രിയാസ് എന്നീ അവയവങ്ങളാണ് ദാനം ചെയ്തത്.

കരൾ പി.വി. എസ്. ആശുപത്രിയിലെ രോഗിയ്ക്കും, പാൻക്രിയാസും ഒരു വൃക്കയും അമൃതയിലെ രോഗിയ്ക്കും, ഒരു വൃക്ക കോട്ടയം മെഡിക്കൽ കോളേജിലെ രോഗിയ്ക്കും, കണ്ണുകൾ ജൂബിലി മിഷൻ ആശുപത്രിയിലെ രോഗികൾക്കുമാണ് ദാനം ചെയ്തത്. ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ അവയവങ്ങൾ സ്വീകർത്താക്കളിൽ എത്തിക്കുക എന്ന ഭാരിച്ച കർത്തവ്യം നിർവ്വഹിച്ചത് പോലീസ് വിഭാഗമാണ്. തൃശ്ശൂരിലേയും, എറണാകുളത്തേയും പോലീസ് വിഭാഗം ഏറ്റവും തിരക്കുള്ള സമയമായിട്ടും – ഒരുമണിക്കൂറിനുള്ളിൽ എറണാകുളത്തും, ഒന്നേ മുക്കാൽ മണിക്കൂർ കൊണ്ട് കോട്ടയം മെഡിക്കൽ കോളേജിലും അവയവങ്ങൾ എത്തിക്കുവാൻ സഹായിച്ചു. ജൂബിലിയിലെ എം.സി.സി.യു വിഭാഗത്തിലെ സി. ഏയ്ഞ്ചലയും, സ്റ്റാഫുമാരും, ഫ്രണ്ട് ഓഫീസ് മാനേജർ മഹേഷും, ഗ്ലാഡ്‌വിന്റെ പിതാവിന്റെ സഹോദരപുത്രൻ റോബിനും എല്ലാ കാര്യങ്ങൾക്കും ഒരേ മനസ്സോടെ ആദ്യാവസാനം കൂടെയുണ്ടായിരുന്നു.

## ജേണൽ ക്ലബ്ബ്

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിന്റെ പതിനേഴാമത് ജേണൽ ക്ലബ്ബിന്റെ മീറ്റിങ്ങ് 21.07.2017–ന് നടന്നു. സർജറി വിഭാഗത്തിലെ ഡോ. വിനീത്കുമാർ പി. എം. (അസിസ്റ്റന്റ് പ്രൊഫസർ) ആയിരുന്നു പ്രഭാഷകൻ. വെരിക്കോസ് വെയിനിൽ നടത്തുന്ന വിവിധതരം ശസ്ത്രക്രിയകളെക്കുറിച്ചായിരുന്നു ഇതിൽ പ്രതിപാദിച്ചത്. Wiley online library 2015ൽ പ്രസിദ്ധീകരിച്ച പ്രബന്ധമായിരുന്നു ഇതിൽ അവതരിപ്പിച്ചത്. തുടർന്നുള്ള ചർച്ചയിൽ ഡോ. ജോൺ മാത്യു, ഡോ. പ്രദ്യോത്, ഡോ. ആൽഫി എന്നിവർ പങ്കെടുത്തു.

അഹമ്മദാബാദിലെ National Institute of Occupational Health ഡയറക്ടർ ഡോ. സുനിൽകുമാർ ജൂബിലി സന്ദർശിച്ചു. ജൂബിലിയിലെ ഗവേഷകരുമായി സംസാരിക്കുകയും ഗവേഷണ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിൽ ചില പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. NIOHന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ശേഷം നടന്ന സെമിനാറിൽ അദ്ദേഹം വിവരിക്കുകയുണ്ടായി.



**2016 – 2017ൽ നടന്ന**
**SSLC പരീക്ഷയിൽ**
**എല്ലാ വിഷയങ്ങളിലും A +**
**നേടിയ ശ്രീഹരി ഇ.**

ജൂബിലി ആയുർവ്വേദ വിഭാഗത്തിലെ
ശ്രീ. നന്ദകുമാർ ഇ. -യുടെ മകൻ.
അയ്യന്തോൾ അമൃത വിദ്യാലയം വിദ്യാർത്ഥി






# ഡീ ടോക്സ് ഡയറ്റ്

മനുഷ്യശരീരത്തിന് ദോഷമുളവാക്കുന്ന ടോക്സിനുകളിൽ (വിഷാംശങ്ങൾ) നിന്നും ഉള്ള മുക്തിയാണ് ഡി - ടോക്സിഫിക്കേഷൻ അഥവാ ശരീരശുദ്ധീകരണം എന്നുള്ളതുകൊണ്ട് അർത്ഥമാക്കുന്നത്. ഇത് സ്വായത്തമാക്കാൻ ഏറെ പ്രചാരത്തിലുള്ള ഭക്ഷണ രീതിയാണ് ഡി-ടോക്സ് ഡയറ്റ്.

ശരീരത്തിൽ കാണപ്പെടുന്ന ടോക്സിനുകൾ പ്രധാനമായും രണ്ടു തരത്തിലാണ് ഉള്ളത്.

**എൻഡോടോക്സിനുകൾ** - ശരീരത്തിനുള്ളിലെ വിവിധ രാസപ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന വസ്തുക്കളാണിവ.

ഉദാ : ലാക്ടിക് ആസിഡ്, യൂറിയ, കുടലിലെ സൂക്ഷ്മ ജീവികളുടെ അവശിഷ്ടങ്ങൾ തുടങ്ങിയവ.

**എക്സോടോക്സിനുകൾ** - ശരീരത്തിലേയ്ക്ക് ഭക്ഷണത്തിലൂടെയും ശ്വസനത്തിലൂടെയും എത്തുന്ന വസ്തുക്കൾ.

ഉദാ : കീടനാശിനികൾ, മെർക്കുറി (സമുദ്രമത്സ്യം), രാസവസ്തുക്കൾ (പുകവലി), ലെഡ് തുടങ്ങിയവ.

ശരീരത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന അഴുക്കുകൾ നീക്കം ചെയ്യുക എന്നതാണ് ഡീ ടോക്സ് ഡയറ്റിന്റെ പ്രധാന ധർമ്മം. പഴങ്ങൾ മാത്രമായോ അല്ലെങ്കിൽ പച്ചക്കറികൾ മാത്രമായോ അതുമല്ലെങ്കിൽ ഇവ രണ്ടും ചേർത്തോ ഉള്ള പ്രത്യേക ഭക്ഷണ രീതിയാണിത്. പൊട്ടാസ്യംഎന്ന ലവണത്താൽ സമ്പന്നമാണ് പഴവർഗ്ഗങ്ങളും പച്ചക്കറികളും. ഇത് ശരീരത്തിന്റെ രക്തസമ്മർദ്ദം സാധാരണഗതിയിലാക്കുന്നു. അമിതമായി കെട്ടിക്കിടക്കുന്ന വെള്ളം പുറന്തള്ളുന്നു. ഹൃദയത്തിന്റെ ഇലക്ട്രിക്കൽ ആക്റ്റിവിറ്റിയെ സാധാരണഗതിയിലാക്കുകയും രക്തത്തിലെ അമ്ലനിലയെ പരിമിതപ്പെടുത്തുകയും ചെയ്യുന്നു. ഓരോ കോശങ്ങളിൽ നിന്നും അഴുക്കുകൾ പുറന്തള്ളി അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നു. ഈ അഴുക്കുകളെ പഴങ്ങളിലും പച്ചക്കറികളിലുമുള്ള ആന്റി ഓക്സിഡന്റുകൾ ശരീരത്തിന്റെ ഡ്രെയിനേജ് സിസ്റ്റത്തിലേക്ക് പുറന്തള്ളാൻ സഹായിക്കുന്നു. കൂടാതെ ധാരാളം നല്ല ഹോർമോണുകളുടെ ഉത്പാദനത്തിന് ഇത് വഴിതെളിയിക്കുന്നു. ഹാപ്പി ഹോർമോൺസ് എന്നറിയപ്പെടുന്ന സെറോട്ടോനിന്റെ ഉത്പാദനവും വർദ്ധിക്കുന്നതിനാൽ സന്തോഷവും നവോന്മേഷവും അനുഭവപ്പെടുന്നു. ഇത്രയും ഗുണങ്ങളാണ് ഡിടോക്സ് ഡയറ്റ് വഴി ലഭിക്കുന്നത്.

*- ഡയറ്ററി & ന്യൂട്രീഷൻ വിഭാഗം*

## WELCOME TO JUBILEE FAMILY

### AUXILIARY NURSING

| | | | |
|---|---|---|---|
| 1 | SILJA P S | 2 | SUJITHA A |
| 3 | MINI P F | 4 | JOMIS JOHN |
| 5 | ANCY ANTONY | | |

### CANTEEN

| | | | |
|---|---|---|---|
| 6 | INDIRA VELAYUDHAN | 7 | VINITHA T S |
| 8 | DEEPA MURALI | 9 | FIJI GEORGE |
| 10 | PRINCY SIJO | 11 | MALATHY M V |
| 12 | SELEENA JOHNSON | 13 | AMAL WILSON |
| 14 | SUJATHA P K | 15 | BALAN N |
| 16 | PAUL K A | 17 | SWARUP GURUDIA |
| 18 | JENSON JOSE | | |

### GENERAL

| | | | |
|---|---|---|---|
| 19 | ANNIE C A | | |

### MAINTENANCE

| | | | |
|---|---|---|---|
| 20 | SANDEEP T V | 21 | DIVIN THOMAS |
| 22 | SALIM JOSE | | |

### MC MICROBIOLOGY

| | | | |
|---|---|---|---|
| 23 | MEERA THOMAS | 24 | FEMI PHILIP |

### RADIOLOGY

| | | | |
|---|---|---|---|
| 25 | DR. ANAND MATHEW | 26 | JISNI JOSEPH |

### PATIENT RELATIONS

| | | | |
|---|---|---|---|
| 27 | JOHNSY A J | 28 | NIVIN JOSEPH K |
| 29 | GREESHMA T | | |
| 30 | PRIYANKA P S | | Anaesthesia |
| 31 | SINO U J | | Ayurveda |

### NURSING

| | | | |
|---|---|---|---|
| 32 | MERCY JOHN A | 33 | DIVYA K |
| 34 | PRIYANKA GOPI | 35 | DINI T D |
| 36 | SUMI JOSE K | 37 | PRIYANKA JOSEPH A |
| 38 | VINAYA K WILSON | 39 | CHRISTINA ABRAHAM |
| 40 | LINCY JOHNY | 41 | SARANNYA SASI |
| 42 | DONA PAILY | 43 | JITHUMOL P JOY |
| 44 | CHRISTY P V | 45 | NAVIYA CHACKO |
| 46 | LISHA THOMAS | 47 | DEENA DAVIS |
| 48 | ANJU JACOB | 49 | ELISABETH BETSY BABY |
| 50 | NEETHU VIJAYAN | 51 | SHINY POULOSE |
| 52 | SR. DANIA | 53 | SIMMI BABY |
| 54 | SHINCY C J | 55 | JECKCY C P |
| 56 | FEMI FRANCIS | 57 | ANJANA V P |
| 58 | ANJU A S | 59 | ANJU C DAVIS |
| 60 | MARY CHINCHU K F | 61 | SHIMNA SHAJI |
| 62 | VAISHAGHI SUBRAMANIAN | 63 | NEENA JOSE |
| 64 | Sr. MERITTA JEES | | |
| 65 | DR. BHARATH KUMAR P S | | Cardiac Surgery |
| 66 | DR. DHANYA DIVAKARAN | | Neonatology |
| 67 | SR. KRIPA | | Pharmacy |
| 68 | SONIMA K S | | Reception |
| 69 | UNNIKRISHNAN U G | | MC Community Medicine |
| 70 | AJEESHA P G | | Neurology |
| 71 | BIJO P JOHN | | Nursing Operations Executive |



# ആയുർവ്വേദം കാലാതീതം 18

**ശ**രീരത്തിലെ ദോഷങ്ങളെ പുറത്തുകളയുന്നതിന് വേണ്ടി ആയുർവ്വേദത്തിൽ അനുശാസിക്കുന്ന ചികിത്സാക്രമമാണ് പഞ്ചകർമ്മ ചികിത്സ. ഇതിൽ രക്തം കൊണ്ടുള്ള ദോഷങ്ങളെ ശുദ്ധീകരിക്കുന്നതിനുവേണ്ടി സ്വീകരിക്കുന്ന രീതിയാണ് രക്തമോക്ഷം. അതായത് രോഗവസ്ഥയുള്ള ഭാഗത്തെ രക്തം സ്രവിപ്പിച്ച് രോഗശമനം വരുത്തുന്ന രീതി. പല രോഗാവസ്ഥകളിലും ഏറ്റവും ഫലപ്രദമായ ചികിത്സാരീതിയാണ് ഇത്. കാൽ ഉപ്പൂറ്റി വേദന ഇന്ന് ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. രാവിലെ എഴുന്നേറ്റ് നടക്കാൻ ബുദ്ധിമുട്ട്, ഇരുന്നെഴുന്നേൽക്കാൻ ബുദ്ധിമുട്ട്, കാൽ കുത്തി നടക്കാൻ ബുദ്ധിമുട്ട് എന്നിവയിൽ cupping treatment വളരെ പെട്ടെന്നുതന്നെ രോഗശമനം വരുത്തുന്നതാണ്.

വെരിക്കോസ് വെയിൻ അനുബന്ധിച്ചുണ്ടാകുന്ന കഴപ്പ്, പുകച്ചിൽ, വേദന എന്നിവ കുറയുന്നതിനുവേണ്ടി രക്തകുഴലിൽ നിന്ന് രക്തം സ്രവിപ്പിച്ച് കളയുന്നതിന് വേണ്ടി ചെയ്യുന്ന ചികിത്സയാണ് സിരാവ്യധം. മറ്റു പല രോഗങ്ങളിലും ഈ രീതി ഫലപ്രദമായി കണ്ടിട്ടുണ്ട്. ത്വക് രോഗങ്ങളിൽ പ്രച്ഛാനം എന്ന പേരിൽ രക്തം സ്രവിപ്പിച്ച് കളയാറുണ്ട്. കണ്ണിലുണ്ടാകുന്ന രോഗങ്ങളിൽ അട്ടയെ കൊണ്ട് രക്തം എടുക്കുന്നത് വളരെ നല്ലതാണ്. പല രോഗാവസ്ഥകളിലും അട്ടകളുടെ പ്രയോഗംകൊണ്ട് ഗുണം കാണാറുണ്ട്. മാനസികരോഗങ്ങളിൽ പോലും രക്തമോക്ഷം കൊണ്ട് സൗഖ്യം ലഭിക്കാറുണ്ട്.

പ്രകൃത്യാതന്നെ ശരീരം ശുദ്ധമാക്കുന്നതിന് വേണ്ടി സ്ത്രീകളിൽ ദൈവം ഒരുക്കിവെച്ചിട്ടുള്ള സംവിധാനമാണ് ആർത്തവം. ആർത്തവം ക്രമമല്ലെങ്കിൽ ശരീരത്തിൽ വിവിധതരം രോഗങ്ങൾ ഉണ്ടാകുന്നതാണ്. അതിനാൽ രോഗാവസ്ഥകൾ പരിഹരിക്കുന്നതിന് വേണ്ടി ശരീരത്തിൽ നിന്നും രക്തം സ്രവിച്ച് പോകേണ്ടത് അത്യാവശ്യമാണ്.

**ഡോ. അനുമോദ് കാക്കശ്ശേരി** (എം.ഡി. ആയുർവ്വേദം)
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ

## തിരുത്ത്

കേരള ആരോഗ്യ സർവ്വകലാശാല (KUHS)
റിസർച്ച് ഗൈഡ് ആയി അംഗീകരിച്ചവർ:
**ഡോ. പല്ലവി പഞ്ചു** (ഫിസിയോളജി വിഭാഗം)






**ഡെങ്കിപനിയോടനുബന്ധിച്ചു നടത്തറ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലും വാർഡുകളിലും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ മെഡിക്കൽ വിദ്യാർത്ഥികളെയും ഹൗസ് സർജന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ വിവിധ പ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും**

## സ്പന്ദനം – ഡോക്ടേഴ്സ് ഡേ സെലിബ്രേഷൻ 2017









**Editorial Board** : Fr. Sijo Cheruvathoor | Fr. Tijo Joy | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble | Mr. Anto Twinkle | Ms. Suma Paul
Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Greeshma | Ms. Dinu | Ms. Vineetha